# റോമർ 7–ാം അദ്ധ്യായത്തിലുള്ള മനുഷ്യൻ ആർ?

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 7.**

**മനഃപാഠവാക്യം: ഇപ്പോഴോ നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്കകൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിനു നാം ന്യായപ്രമാണത്തിൽനിന്നും ഒഴിവുള്ളവരായിരിക്കുന്നു (റോമ. 7:6).**

റോമാലേഖനത്തിലെ ഏഴാം അദ്ധ്യായത്തിലെപ്പോലെ വിവാദങ്ങൾ ഉണ്ടായ വേറെ അദ്ധ്യായങ്ങൾ ചുരുക്കമാണ്. ഉരുത്തിരിഞ്ഞുണ്ടായിട്ടുള്ള പ്രശ്നങ്ങളെ ക്കുറിച്ച് എസ്.ഡി. എ. ബൈബിൾ കമന്ററിയിൽ പറയുന്നത് ഇപ്രകാരമാണ്. “റോമ. 7:14–25 വരെയുള്ള വേദഭാഗങ്ങളാണ് റോമാലേഖനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇവിടെ വിവരിക്കപ്പെട്ട, ഇത്രയും ഗൗരവമേറിയ സാന്മാർഗ്ഗിക പോരാട്ടം ആത്മകഥാപര മാണോ എന്നതാണ്. അങ്ങനെയെങ്കിൽ, ഈ വേദഭാഗം പൗലൊസിന്റെ മനസാന്ത രത്തിനുമുമ്പുള്ള അനുഭവമാണോ, അതോ മാനസാന്തരത്തിനുശേഷമുള്ള അനുഭവമാണോ എന്നതാണ് പ്രശ്നം. റോമ. 7:7–11 വരെയുള്ള തിരുവചന ഭാഗം വായിക്കുമ്പോൾ പൗലൊസിന്റെ വാക്കുകളിൽ നിന്നും പാപത്തോടുള്ള പൗലൊ സിന്റെ വ്യക്തിപരമായ പോരാട്ടമാണിതെന്ന് കാണാം. EGW, Steps to Christ, P. 19, EGW Testimonies for the Church, Vol.3. P 475. ഇവിടെ വിവരിക്കുന്ന വിവാദം ഒരർത്ഥത്തിലല്ലെങ്കിൽ വേറൊരർത്ഥത്തിൽ എല്ലാ ആത്മാക്കളും അഭിമുഖീകരിച്ചി ട്ടുണ്ട്. പിന്നീട് വിശുദ്ധ ന്യായപ്രമാണമനുസരിക്കാൻ ജാഗരൂകരാകുകയും ചെയ്യും.

റോമ. 7 ൽ പറയുന്ന അനുഭവം മാനസാന്തരത്തിനു മുമ്പാണോ, അതോ മാനസാന്തരത്തിനു ശേഷമാണോ എന്നുള്ളതിൽ വേദ വിദ്യാർത്ഥികളുടെ ഇടയിൽ രണ്ടഭിപ്രായം ഉണ്ട്. ഒരാൾ ഏതു സ്ഥിതിയിലായിരുന്നാലും ഏറ്റവും പ്രധാനപ്പെട്ട കാര്യം യേശുക്രിസ്തുവിന്റെ നീതി നമ്മെ മുഴുവനായി പൊതിയണം. അവന്റെ നീതിയാൽ വിശുദ്ധീകരിക്കാം എന്നു വാഗ്ദത്തം ചെയ്ത ദൈവത്തിന്റെ മുമ്പാകെ സമ്പൂർണ്ണമായി നമുക്കു നിൽക്കാൻ കഴിയണം. പാപത്തിൻമേൽ വിജയം വരിക്കണം. “അവന്റെ സ്വരൂപത്തോട് അനുരൂപരാകണം” റോമ. 8:29. ഭൂവാസികളായ സകല ജാതിയും ഗോത്രവും ആയവരോട് നിത്യ സുവിശേഷം അറിയിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ദൗത്യം (വെളി. 14:6).

**ന്യായപ്രമാണം സംബന്ധിച്ച് മരിച്ചവർ**

**വായിക്കുക: റോമ. 7:1–6.**

**ന്യായപ്രമാണവുമായി, വായനക്കാർക്കുള്ള ബന്ധം കാണിക്കുന്നതിന് പൗലൊസ് എന്തു വിശദീകരണമാണ് ഇവിടെ നൽകുന്നത്? ഈ വിശദീകരണത്തിന് ആധാരമായി എന്തു സൂചനയാണ് അപ്പൊസ്തലൻ തരുന്നത്?**

റോമ. 7:1–6 വരെയുള്ള വേദ ഭാഗത്തു കാണുന്ന പൗലൊസിന്റെ വിശദീകരണം കൂടുതൽ ശ്രദ്ധയോടെ വിശകലനം ചെയ്തു പഠിച്ചാൽ അപ്പൊസ്തലന്റെ ന്യായവാദം മനസ്സിലാക്കാൻ കഴിയും.

ലേഖനത്തിന്റെ ആകമാനമുള്ള സാഹചര്യം കണക്കിലെടുക്കുമ്പോൾ, സീനായിയിൽ സ്ഥാപിതമായ ആരാധന ക്രമത്തേക്കുറിച്ചാണ് പൗലൊസ് ഇവിടെ വിവരിക്കുന്നത്. ന്യായപ്രമാണം എന്ന പദം കൊണ്ട് ഇവിടെ പൗലൊസ് വിവിക്ഷിക്കുന്നത് സീനായിയിൽ കൊടുത്ത ന്യായപ്രമാണത്തെക്കുറിച്ചാണ്. യേശുക്രിസ്തുവിന്റെ ഭൂമിയിലെ വരവോടുകൂടി സീനായിയിൽ കൊടുത്ത ന്യായപ്രമാണത്തിന്റെ പ്രസക്തി ഇല്ലാതാകുന്നു എന്നത് മനസ്സിലാക്കാൻ യെഹൂദന് ബുദ്ധിമുട്ടാണ്. യെഹൂദന്റെ ജീവിതത്തിൽ ന്യായപ്രമാണം വളരെ പ്രാധാന്യമുള്ളതായി കണക്കാക്കി അനുഷ്ഠിച്ച് വന്നിരുന്നു. അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്ന അനുഷ്ഠാനങ്ങൾ ഉപേക്ഷിക്കാൻ യെഹൂദൻ സജ്ജമല്ലായെന്നാണ് പൗലൊസ് ഇവിടെ പറയുന്നത്.

ഭർത്താവുള്ള സ്ത്രീ, ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ പുരുഷന്റെ ജീവിത കാലയളവിൽ അവൾ വേറെ പുരുഷനു ഭാര്യ ആകാൻ പാടില്ല. എന്നാൽ ഭർത്താവ് മരിച്ചാൽ അവൾ ഭർത്തൃ ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവളായിരിക്കും (റോമ. 7:3).

**യെഹൂദാമതത്തിലെ ന്യായപ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്ന വിവാഹനിയമങ്ങളുടെ വിവരണം പൗലൊസ് ഇവിടെ ഈ സാഹചര്യത്തിൽ എങ്ങനെ ചേർത്തു വായിക്കുന്നു? (റോമ. 7:4,5).**

ഭർത്താവിന്റെ മരണത്തോട് സ്ത്രീ ഭർത്തൃ ന്യായപ്രമാണത്തിൽനിന്നും ഒഴിവുള്ളവളായിത്തീരുന്നതുപോലെ, ജഡത്തിലുള്ള പഴയ മനുഷ്യന്റെ മരണം, യേശുക്രിസ്തു മുഖാന്തരം, യെഹൂദന് അവൻ പ്രതീക്ഷിച്ചതുപോലെ, മശീഹാ തന്റെ ദൗത്യം പൂർത്തികരിച്ചാൽ ന്യായപ്രമാണത്തിൽ നിന്നും വിടുതൽ ലഭിക്കും.

ഇപ്പോൾ യെഹൂദന് പുനഃർവിവാഹം കഴിക്കാം. ഉയർത്തെഴുന്നേറ്റ മശീഹായെ വിവാഹം കഴിക്കാൻ അവർ ക്ഷണിക്കപ്പെടുന്നു. അങ്ങനെ ദൈവത്തിനു ഫലം കായ്ക്കുന്നവരായിത്തീരാം. ഈ വിവരണം യെഹൂദനെ കൂടുതൽ ബോദ്ധ്യപ്പെടുത്താൻ, ഒരു സവിശേഷമാർഗ്ഗമായി പൗലൊസ് കാണുന്നു. ഇപ്പോൾ യെഹൂദന് അവന്റെ പരമ്പരാഗത പ്രവർത്തികൾ ഉപേക്ഷിക്കാൻ സ്വാതന്ത്ര്യം ഉണ്ട്.

വീണ്ടും, പൗലൊസും വേദപുസ്തകവും പത്തു കല്പന അനുസരിക്കണമെന്ന് അനുശാസിക്കുന്നു. പൗലൊസ് ഈ യെഹുദാവിശ്വാസികളോട് പത്തുകല്പന ഇനിയും ആവശ്യമില്ല എന്നും പറയുമെന്ന് ചിന്തിക്കുന്നതുതന്നെ മൗഢ്യമാണ്. ഈ വേദഭാഗം ഉപയോഗിക്കുന്നവർ ആചാരാനുഷ്ഠാനങ്ങളടങ്ങിയ ന്യായപ്രമാണം നീങ്ങിപ്പോയി എന്നു പറയാൻ താല്പര്യപ്പെടുന്നില്ല. എന്താണ് യഥാർത്ഥത്തിൽ അവർ ആഗ്രഹിക്കുന്നതെന്നുവച്ചാൽ, ഏഴാംദിന ശബ്ബത്ത് മാറിപ്പോയി എന്നു പറയാനാണ്. പത്തു കല്പനകളിൽ അടങ്ങിയ മറ്റു കല്പനകൾ മാറി എന്നവർ വിശ്വസിക്കുന്നും ഇല്ല. റോമ. 7:4,5 വാക്യങ്ങൾ വ്യാഖ്യാനിച്ചിരിക്കുന്നത് ഇങ്ങനെ യാണ്.

നാലാം കല്പന  നീക്കിക്കളഞ്ഞു. അല്ലെങ്കിൽ അതിനുപകരം വേറെയൊന്നു വന്നു. ശബ്ബത്ത് മാറി പകരം ഞായറാഴ്ച വന്നു.  എന്നുവച്ചാൽ ആ വാക്കുകൾക്ക് ഇല്ലാത്ത അർത്ഥം കൊടുത്തു.

**തിങ്കൾ** **നവംബർ 20**

**പാപവും ന്യായപ്രമാണവും**

സീനായിയിൽ കൊടുത്ത മുഴുവൻ ആചാരാനുഷ്ഠാന ന്യായപ്രമാണത്തെ ക്കുറിച്ചാണ് പറയുന്നതെങ്കിൽ, പിന്നെ പൗലൊസ് റോമ. 7:7 ൽ പ്രത്യേകിച്ച് പത്തു കല്പനയെക്കുറിച്ച് എന്തുകൊണ്ട് സൂചിപ്പിച്ചു? അങ്ങനെയെങ്കിൽ ഇന്നലെ പഠിച്ച ഭാഗത്ത് പത്തുകല്പന നീങ്ങിപ്പോയിട്ടില്ല എന്ന പഠനത്തെ ഖണ്ഡിക്കുകയല്ലേ?

മുകളിൽ ഉദ്ധരിച്ച ചോദ്യത്തിന്റെ ലളിതമായ ഉത്തരം അല്ല എന്നാണ്. ഇവിടെ നാം  ചിന്തിക്കേണ്ട കാര്യം ന്യായപ്രമാണം എന്ന വാക്ക് പൗലൊസ് ഉപയോഗിക്കു മ്പോൾ, പൗലൊസിനെ സംബന്ധിച്ചിടത്തോളം, ന്യായപ്രമാണം എന്നു പറഞ്ഞാൽ സീനായിയിൽ കൊടുത്ത ആചാരാനുഷ്ഠാനങ്ങളുള്ള പ്രമാണങ്ങളും, സാന്മാർഗ്ഗിക പ്രമാണങ്ങളും ഉൾപ്പെടെയാണ്. അതുകൊണ്ട്  പൗലൊസിന് ഏതുഭാഗത്തുനിന്നും പ്രത്യേകിച്ച് യെഹൂദാ സാമ്പത്തിക മേഖലയിൽ നിന്നും വിഷയങ്ങൾ എടുക്കാം. എന്നാൽ അങ്ങനെയുള്ള കർമ്മാചാരങ്ങൾ യേശുക്രിസ്തുവിന്റെ മരണത്തോടെ നീങ്ങിപ്പോയി. എന്നാൽ അതിൽ സാന്മാർഗ്ഗിക ന്യായപ്രമാണം ഉൾക്കൊള്ളുന്നില്ല. അത് സീനായിയിലേക്ക് മുമ്പേ ഉണ്ടായിരുന്നു. കാൽവറിക്കുശേഷവും നിലനില് ക്കുന്നു.

**വായിക്കുക: റോമ. 7:8-11. പാപവും ന്യായപ്രമാണവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇവിടെ എന്താണ് പൗലൊസ് പറയുന്നത്?**

ദൈവം യെഹൂദന് സാന്മാർഗ്ഗിക സിവിൽ, ആചാരാനുഷ്ഠാന, ആരോഗ്യനിയമ ങ്ങളിൽക്കൂടി എന്താണ് ശരി, എന്താണ് തെറ്റ് എന്ന് വെളിപ്പെടുത്തിക്കൊടുത്തു. മാത്രമല്ല, ഏതെങ്കിലും നിയമം ലംഘിച്ചാൽ, അതിനുള്ള ശിക്ഷയും വിവരിച്ചിരുന്നു. ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഏതെങ്കിലും ഇഷ്ടം ലംഘിക്കുന്നത് പാപമായി നിർവചിച്ചിരുന്നു.

അതുകൊണ്ടാണ് പൗലൊസ് പറഞ്ഞത്. "മോഹിക്കരുതെന്ന് ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറിയുകയില്ലായിരുന്നു." പാപം എന്നു പറയുന്നത്, ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഇഷ്ടം ലംഘിക്കുന്നതാണ്. എവിടെ വെളിപ്പെടുത്തപ്പെട്ട ദൈവേഷ്ടത്തെപ്പറ്റി അജ്ഞതയുണ്ടോ, അവിടെ പാപത്തെക്കുറിച്ച് ബോദ്ധ്യമില്ലാതിരിക്കുന്നു. വെളിപ്പെടുത്തപ്പെടുകയും ദൈവേഷ്ടം ബോദ്ധ്യപ്പെടുകയും ചെയ്താൽ, അവനോ, അവളോ ഒരു പാപിയാണെന്നും, ശിക്ഷാവിധിക്കും, മരണത്തിനും കീഴ്പ്പെട്ടിരിക്കുന്നു എന്നും അംഗീകരിക്കും. ആ അർത്ഥത്തിൽ ആ വ്യക്തി മരിക്കും.

ഇവിടെയും, തുടർന്ന്, ഇതിനോടനുബന്ധിച്ചുള്ള ഭാഗങ്ങളിലും അപ്പൊസ്തലൻ ന്യായപ്രമാണത്തെ ബഹുമാനിക്കുന്ന യൊഹൂദനെ, യേശുക്രിസ്തു, അതിന്റെ സംപൂർത്തിയാണെന്നു മനസ്സിലാക്കിക്കൊടുക്കുന്നു. അതിനായി ഒരു ബന്ധം തന്നെ സൃഷ്ടിക്കുന്നു. ഇവിടെ അപ്പൊസ്തലൻ പറയുന്നത്, ന്യായപ്രമാണം അത്യാവശ്യം ആണെന്നും അതിന്റെ പ്രവർത്തനമേഖല പരിമിതമാണെന്നും ആണ്. ന്യായപ്രമാണം രക്ഷ ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നു. എന്നാൽ രക്ഷ കരഗതമാകുന്നതിനുള്ള മാർഗ്ഗമല്ല.

"പൗലൊസ് അപ്പൊസ്തലൻ, തന്റെ അനുഭവങ്ങൾ വിവരിക്കുമ്പോൾ മാനസാന്തരത്തിലേക്ക് നയിക്കുന്ന ഒരു സത്യം വെളിപ്പെടുത്തുന്നു. "ഒരിക്കൽ ന്യായപ്രമാണം ഇല്ലാതെ ഞാൻ ജീവിച്ചു". അപ്പോൾ ഒരു കുറ്റബോധവും തോന്നിയില്ല. എന്നാൽ കല്പന വന്നപ്പോൾ പൗലൊസിന് തന്നെത്താൻ, പാപിയാണെന്നു തോന്നി. ദൈവ ന്യായപ്രമാണം മുഖാന്തരം കുറ്റക്കാരനായി. ശ്രദ്ധിക്കുക, മരിച്ചത് പൗലൊസാണ്. അല്ലാതെ ന്യായപ്രമാണല്ല." EGW, Comments, the SDA Bible Commentary Vol. 6 , P.1076.

**ന്യായപ്രമാണത്തിന്റെ മുമ്പിൽ ഏതർത്ഥത്തിൽ ആണ് നിങ്ങൾ മരിച്ചത്? ഒരു പുതുജീവൻ കിട്ടിയതിലൂടെ, യേശുക്രിസ്തു എന്താണ് നിങ്ങൾക്ക് ചെയ്തതെന്ന്, ഈ സാഹചര്യത്തിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ടോ?.**

**ചൊവ്വ** **നവംബർ 21**

**ന്യായപ്രമാണം വിശുദ്ധം**

**വായിക്കുക: റോമ. 7:12. പൗലൊസ് ചർച്ച ചെയ്യുന്ന ആ വേദഭാഗം നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു?**

യെഹൂദന്മാർ ന്യായപ്രമാണത്തെ ആദരിക്കുന്നതുകാരണം, കഴിയുന്ന എല്ലാ മാർഗ്ഗത്തിലും പൗലൊസ് ന്യായപ്രമാണത്തെ വാനോളം പുകഴ്ത്തുന്നു. നമ്മെ പാപത്തിൽ നിന്നും രക്ഷിക്കാനായി ന്യായപ്രമാണത്തിന് എന്തുചെയ്യാൻ കഴിയും, അത് ചെയ്യും. എന്നാൽ എന്തുചെയ്യാൻ പാടില്ല, അതു നിശ്ചയമായും ചെയ്യില്ല. യെഹൂദന്റെ ആചാരാനുഷ്ഠാന ന്യായപ്രമാണത്തിനോ, പ്രത്യേകിച്ച് സാന്മാർഗ്ഗിക ന്യായപ്രമാണത്തിനോ, രക്ഷ കൊണ്ടുവരാൻ കഴിയുകയില്ല. രക്ഷയ്ക്ക് യേശുക്രിസ്തുവിനെയാണ് ആവശ്യം. യേശുക്രിസ്തുവും അവന്റെ നീതിയും, വിശ്വാസത്തിൽ നമ്മിൽ ആകുന്നതാണ് രക്ഷയ്ക്ക് അടിസ്ഥാനം.

**പൗലൊസിന്റെ മരണാവസ്ഥയ്ക്ക് ആരെയാണ് അവൻ കുറ്റപ്പെടുത്തുന്നത്? എന്തിനെ കുറ്റവിമുക്തമാക്കുന്നു? എന്തുകൊണ്ട് ഈ വ്യത്യാസം പ്രാധാന്യം ആർഹിക്കുന്നു?**

റോമ. 7:13-ൽ ന്യായപ്രമാണത്തെ എത്രമാത്രം മേന്മയുള്ളതായി അവതരിപ്പിക്കാൻ കഴിയുമോ അത്രമാത്രം മേന്മയുള്ളതായി പൗലൊസ് അവതരിപ്പിക്കുന്നു. പൗലൊസ് തന്റെ പാപാവസ്ഥയ്ക്ക് ന്യായപ്രമാണത്തെ കുറ്റപ്പെടുത്താതെ, പാപത്തെ കുറ്റപ്പെടുത്തുന്നത് തിരഞ്ഞെടുത്തു. "പാപമോ അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു" (റോമ. 7:8). ന്യായപ്രമാണം ദൈവത്തിന്റെ സ്വാഭാവ വൈശിഷ്ട്യത്തിന്റെ അളവുകോലാണ്. ന്യായപ്രമാണത്തിന്റെ മുമ്പിൽ ഒരു പാപിയെന്ന നിലയിൽ പൗലൊസ് കുറ്റക്കാരനായി നില്കുന്നു.

**പൗലൊസ് ഒരു ഘോരപാപിയാണെന്നു ബോദ്ധ്യപ്പെടുത്തുന്നതിൽ പാപം എത്രയധികം വിജയിച്ചു? റോമ. 7:14,15.**

ജഡീകമായത് മാംസബദ്ധമാണ്. അതുകൊണ്ട് പൗലൊസിന് യേശുക്രിസ്തുവിനെ ആവശ്യമാണ്. യേശുക്രിസ്തുവിനുമാത്രമേ ശിക്ഷാവിധി ഏറ്റെടുക്കാൻ കഴിയൂ (റോമ. 8:1). പാപത്തിന്റെ അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യം നൽകാൻ യേശുക്രിസ്തുവിന് മാത്രമേ കഴിയുകയുള്ളൂ.

പൗലൊസ് തന്നെത്തന്നെ വിവരിക്കുന്നത്, പാപത്തിൻ കീഴിൽ വില്ക്കപ്പെട്ടവൻ എന്നാണ്. പാപത്തിന് അടിമയാണ്. അവൻ സ്വതന്ത്രനല്ല. അവൻ ആഗ്രഹിക്കുന്നത് ചെയ്യാൻ അവനു കഴിയുന്നില്ല. ന്യായപ്രമാണം അനുശാസിക്കുന്ന നന്മ ചെയ്യാൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ പാപം നന്മ ചെയ്യാൻ അവനെ അനുവദിക്കുന്നില്ല.

യെഹൂദന്റെ ജീവിതത്തിൽ രക്ഷ പ്രാപിക്കാൻ മശീഹാ ആവശ്യമാണെന്ന് ഈ ഉദാഹരണംകൊണ്ട് പൗലൊസ് അവരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ ആഗ്രഹിക്കുന്നു. വിജയം സാദ്ധ്യമാകുന്നത് കൃപമൂലം മാത്രമാണെന്ന് പൗലൊസ് നേരത്തെ ചൂണ്ടിക്കാണിച്ചിരിക്കുന്നു (റോമ. 6:14). ഈ ആശയംതന്നെ കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് റോമ. 7 ൽ നമുക്ക് കാണാം. ന്യായപ്രമാണത്തിൻ കീഴിൽ ജീവിക്കുക എന്നു പറഞ്ഞാൽ. നിഷ്ഠൂര പാപയജമാനന്റെ അടിമത്വത്തിൽ കഴിയുക എന്നാണ്.

**നിങ്ങളെ എങ്ങനെയാണ് അടിമയാക്കിയത്? നിങ്ങളുടെ അനുഭവം വിവരിക്കുക. പാപം ചെയ്യുന്നതിൽനിന്നും നിങ്ങൾക്ക് സ്വയം നിങ്ങളെ സംരക്ഷിക്കാം എന്നു തോന്നുന്നുണ്ടോ? പാപത്തോടുള്ള നിങ്ങളുടെ സമീപനം ലാഘവത്തോടാണോ? നിഷ്ഠൂര യജമാനന്റെ ദൂഷിത വലയത്തിലാണോ നിങ്ങൾ? യാഥാർത്ഥ്യത്തിലേക്ക് വരിക. യേശുക്രിസ്തുവിന്റെ സന്നിധിയിൽ നിന്നെത്തന്നെ സമർപ്പിച്ച് എല്ലാ ദിവസവും നിങ്ങളുടെ സ്വയത്തെ മരിക്കാൻ അനുവദിക്കുക.**

**റോമർ ഏഴാം അദ്ധ്യായത്തിലെ മനുഷ്യൻ**

**ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലത് എന്ന് ഞാൻ സമ്മതിക്കുന്നു. ആകയാൽ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ റോമ. 7:16,17. ഇവിടെ എന്ത് സംഘർഷത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്?**

ന്യായപ്രമാണം ആവശ്യപ്പെടുന്ന ഘടകങ്ങൾ നിറവേറ്റാത്തതുമൂലം ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാകുന്നു എന്ന് പരിശുദ്ധാത്മാവ് ഓർമ്മിപ്പിക്കുന്നു. ഈ വസ്തുത ബോദ്ധ്യപ്പെടുത്തുന്നതിലേക്ക് അപ്പൊസ്തലൻ ന്യായപ്രമാണത്തെ ഒരു കണ്ണാടിപ്പോലെ ഉപയോഗിക്കുന്നു. സ്വയപ്രയത്നംകൊണ്ട് ആ ആവശ്യങ്ങൾ നിറേവറ്റാൻ ശ്രമിക്കുമ്പോൾ ന്യായപ്രമാണം അതിനു യോഗ്യമാണെന്ന് ഒരു പാപി സമ്മതിക്കുന്നു.

**പൗലൊസ് നേരത്തെ ചർച്ചചെയ്ത ഏത് കാര്യമാണ് കൂടുതൽ ഊന്നൽ കൊടുത്ത് വീണ്ടും സംസാരിക്കുന്നത്? റോമ. 7:18–20.**

യേശുക്രിസ്തു, വ്യക്തി ജീവിതത്തിൽ ആവശ്യമാണെന്ന്, കൂടുതൽ ശക്തമായി പരിശുദ്ധാത്മാവ്, പഴയ ഉടമ്പടിയുടെ അനുഭവത്തിൽ ബോദ്ധ്യപ്പെടുത്തുന്നു. എലൻ. ജി. വൈറ്റ്, യിസ്രായേലിന്റെ ജീവിതാനുഭവത്തിൽ നിന്നും ഇപ്രകാരം വിവരിക്കുന്നു. "ആളുകൾക്ക്, അവരുടെ ഹൃദയത്തിന്റെ പാപാവസ്ഥ മനസ്സിലാകുന്നില്ല. ദൈവകൃപയില്ലാതെ ദൈവകല്പന അനുസരിക്കുന്നത് അസാദ്ധ്യമാണെന്നവർ അറിയുന്നില്ല. അവർ ദൈവവുമായി നേരിട്ട് ഉടമ്പടിയിൽ ഏർപ്പെടുന്നു. സ്വയം നീതികരിക്കപ്പെടാം എന്നവർ ചിന്തിക്കുന്നു. അങ്ങനെ അവർ പ്രഖ്യാപിക്കുകയും ചെയ്യുന്നു. "യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ച് നടക്കുമെന്നവർ പറഞ്ഞു" പുറ. 24:7. കുറച്ചാഴ്ചകൾക്ക് മുമ്പാണ് അവർ ദൈവവുമായുള്ള ഉടമ്പടി ലംഘിച്ച് വാർത്തുണ്ടാക്കിയ കാളക്കുട്ടിയെ ആരാധിച്ചത്. ദൈവവുമായുള്ള ഉടമ്പടി ലംഘിച്ചതു കാരണം ദൈവത്തിൽ നിന്നും ഒരു പ്രീതിയും, ആനുകൂല്യവും ലഭിക്കാൻ അവർ യോഗ്യരല്ല. അവരുടെ പാപാവസ്ഥ മനസ്സിലാക്കി, പാപക്ഷമയ്ക്കായി ഒരു രക്ഷകന്റെ ആവശ്യമുണ്ടെന്ന് അബ്രഹാമ്യ ഉടമ്പടിയിലൂടെ അവർക്ക് ബോദ്ധ്യപ്പെടുത്തി കൊടുത്തു." EGW, Patriarchs and Prophets, PP. 371, 372.

നിർഭാഗ്യവശാൽ പുതുക്കം പ്രാപിച്ച അനുദിന സമർപ്പണമില്ലായ്മ അനേകം ക്രിസ്ത്യാനികളെ പാപത്തെ പുൽകുന്നവരാക്കി മാറ്റി. അങ്ങനെ സമ്മതിക്കുന്നതിൽ വൈമുഖ്യവും കാണിക്കുന്നു. വിശുദ്ധീകരണത്തിന്റെ പ്രകൃതിദത്ത അനുഭവത്തിൽക്കൂടി കടന്നുപോകുന്നു എന്നവർ ന്യായീകരണം കണ്ടെത്തുകയും ചെയ്യുന്നു, അപ്രകാരം മനസ്സിലാക്കുന്ന പാപം, ദൈവസന്നിധിയിൽ കൊണ്ടുവന്ന്, അതിന്മേൽ ജയം ദൈവത്തോട് ആവശ്യപ്പെടാതെ അവർ മറച്ചു വെയ്ക്കുന്നു (റോമ. 7). നീതിചെയ്യുന്നത് അസാദ്ധ്യം എന്നവർ കരുതുന്നു. യഥാർത്ഥത്തിൽ ഈ അദ്ധ്യായത്തിൽ പറയുന്നത്, ഒരു വ്യക്തി പാപത്തിന് അടിമയായാൽ, അയാൾക്ക് നീതിചെയ്യാൻ സാദ്ധ്യമല്ല. എന്നാൽ യേശുക്രിസ്തുവിൽ ജയം സാദ്ധ്യമാണ്.

**പാപത്തിൻമേലും സ്വയത്തിൻമേലും ദൈവം വാഗ്ദത്തം ചെയ്ത വിജയങ്ങൾ നിങ്ങൾ കൈ വരച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഏതു തെറ്റായ തിരഞ്ഞെടുപ്പുകൾ നിങ്ങൾ സ്വയം ഏറ്റെടുക്കുന്നു.**

**വ്യാഴം** **നവംബർ 23**

**മരണത്തിൽനിന്നും രക്ഷിച്ചു.**

**വായിക്കുക: റോമ. 7:21-23. ക്രിസ്ത്യാനി എന്ന നിലയിൽ എന്തെല്ലാം സംഘർങ്ങൾ ആണ് നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നേരിടുന്നത്?**

ഈ വേദഭാഗത്ത് ദൈവത്തിന്റെ പ്രമാണത്തെയും പാപത്തിന്റെ പ്രമാണത്തെയും കുറിച്ച് സംസാരിക്കുന്നു. "ബുദ്ധികൊണ്ട് ദൈവത്തിന്റെ പ്രമാണത്തെയും ജഡംകൊണ്ട് പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു (റോമ. 7:25)." പാപപ്രമാണത്തിന് അടിമയായിരിക്കുക, അതനുസരിക്കുക എന്നുവച്ചാൽ മരണമാണ് (റോമ. 7:10,11,13). അതുകൊണ്ട് പാപത്തിന് വിധേയമായി പ്രവർത്തിക്കുന്നത് പൗലൊസ് വിശദീകരിച്ചിരിക്കുന്നത് മരണത്തിനായിട്ടുള്ള ശരീരമെന്നാണ്.

മനസ്സിന്റെ നിയമം എന്നു പറഞ്ഞാൽ ദൈവത്തിന്റെ നിയമം. ദൈവ ഇഷ്ടത്തിന്റെ വെളിപ്പെടുത്തൽ ആണത്. പരിശുദ്ധാത്മാവിന്റെ ബോദ്ധ്യപ്പെടുത്തൽ പ്രകാരം പൗലൊസ് ഈ നിയമം സ്വീകരിക്കുകയും അവന്റെ മനസ്സ് അതനുസരിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. എന്നാൽ അത് പാലിക്കാൻ ശ്രമിക്കുമ്പോൾ സാധിക്കാതെ വരുന്നു. കാരണം അവന്റെ ജഡം പാപം ചെയ്യാൻ ഇഷ്ടപ്പെടുന്നു. അങ്ങനെയുള്ള സംഘർഷങ്ങൾ അനുഭവിക്കാത്തവർ ആരാണ്? എന്തുചെയ്യണമെന്ന് നിങ്ങളുടെ മനസ്സിൽ നിങ്ങൾക്കറിയാം. എന്നാൽ നിങ്ങളുടെ ജഡത്തിന്റെ അടങ്ങാത്ത അഭിനിവേശം, നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നത് ചെയ്യാൻ അനുവദിക്കുന്നില്ല, പകരം മറ്റെന്തോ ചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്നു.

**നമ്മൾ അകപ്പെട്ടിരിക്കുന്ന ഈ പ്രത്യേക സംഘട്ടനത്തിൽ നിന്നും എങ്ങനെ നമുക്ക് മുക്തി നേടാം? (റോമ. 7:24,25).**

"കർത്താവായ യേശുക്രിസ്തുവിൽക്കൂടെ ഞാൻ ദൈവത്തെ സ്തുതിക്കുന്നു", എന്ന അഭിനന്ദനാർഹമായ പ്രശംസയിലേക്ക് എത്തിയതിനുശേഷം പൗലൊസ് പിന്നെയും തന്റെ ആത്മാവിന്റെ പോരാട്ടത്തെക്കുറിച്ചും അതിൽ നിന്നുള്ള അത്ഭുതമാർന്ന വിടുതലിനെക്കുറിച്ചും സംസാരിക്കുന്നതിൽ ചിലരെങ്കിലും അത്ഭുതം കൂറിയേക്കാം. നന്ദികരേറ്റൽ പ്രകടനം ഇടയ്ക്ക് സംഭവിച്ച ഒരു ആശ്ചര്യദ്യോതക സംഭവം മാത്രമാണ്. അത്തരം ആശ്ചര്യഭാവം സാധാരണഗതിയിൽ 'ആരു വിടുവിക്കും' എന്ന കരച്ചിലിലാണ് അവസാനിക്കുന്നത്. റോമ. 8-ാം അദ്ധ്യായത്തിലുള്ള വിപുലമായ ചർച്ച തുടങ്ങുന്നതിനുമുമ്പു തന്നെ പൗലൊസ് ഒരു കാര്യം ചുരുക്കിപ്പറയുന്നു. അപ്പൊസ്തലൻ ഇതിനു തൊട്ടുമുമ്പേ പറഞ്ഞ വാക്യത്തിലും, പിന്നീട് നടത്തിയ ഏറ്റുപറച്ചിലിലും നിന്ന് നമുക്ക് മനസ്സിലാകുന്നത്, ഒരു പ്രാവശ്യം കൂടെ അപ്പൊസ്തലൻ പാപത്തിന്റെ ശക്തിയോടും, അതിനോടുള്ള അതിശക്തമായ പോരാട്ടത്തെപ്പറ്റിയും വിശകലനം ചെയ്യുന്നു എന്നാണ്.

ചിലരുടെ അഭിപ്രായത്തിൽ 'ഞാൻ എന്നെത്തന്നെ' എന്നു പറയുന്നതിൽ പൗലൊസ് അർത്ഥമാക്കുന്നത് 'എന്നിലേക്ക്' എന്നുവെച്ചാൽ, യേശുക്രിസ്തുവിനെ പ്രത്യക്ഷത്തിൻ ഉപേക്ഷിക്കുക എന്നാണ്. റോമ. 7:24,25. 'നമ്മിലേക്ക്' എന്ന ആശയമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം. യേശുക്രിസ്തുവിനെ കൂടാതെ, പാപത്തോട് പോരാടാൻ നമ്മൾ നിസ്സഹായരാണ് യേശുക്രിസ്തുവിനോട്കൂടെ നമുക്ക് അവനിൽ പുതുജീവൻ ഉണ്ട്. എന്നാലും നമ്മുടെ സ്വാർത്ഥത, വ്യക്തിത്വം ഇവയൊക്കെ ഇടയ്ക്കിടയ്ക്ക് തലപൊക്കും. ദൈവത്തോട് കൃത്യമായി ചോദിച്ചുവാങ്ങുവാൻ പ്രാപ്തനായാൽ  വിജയം നമ്മുടേതായിരിക്കും. വേറൊരാൾക്കും നമുക്കുവേണ്ടി, ചുമയ്ക്കാനോ, തുമ്മാനോ, ശ്വസിക്കാനോ കഴിയാത്തതുപോലെ, വേറൊരാൾക്ക് ദൈവത്തിൽ, നിങ്ങളെ സമർപ്പിക്കാൻ കഴിയുകയില്ല. ആ തിരഞ്ഞെടുപ്പ് നിങ്ങൾക്കു മാത്രം ചെയ്യാവുന്നതാണ്. യേശുക്രിസ്തു വാഗ്ദത്തം ചെയ്തിരിക്കുന്ന ജയം ലഭിക്കുന്നതിന് വേറെയൊരു മാർഗ്ഗവും ഇല്ല.

**വെള്ളി** **നവംബർ 24.**

**കൂടുതൽ ചിന്ത:**

കല്പനാ ലംഘനത്തിന് വേറൊരു സുരക്ഷിത മാർഗ്ഗമോ, ശാന്തമായ അവ സ്ഥയോ, നീതീകരണമോ ഇല്ല. ഒരു വ്യക്തി തുടർന്നും പാപം ചെയ്തുകൊണ്ടിരു ന്നാൽ, നിർമ്മലനായി ദൈവ മുമ്പാകെ നിൽക്കാൻ കഴിയുകയില്ല. യേശുക്രിസ്തു വിന്റെ യോഗ്യതയുടെ മുമ്പിൽ സമാധാനത്തോട് ആയിരിക്കാനും കഴിയുകയില്ല. EGW, Selected  Messages, book 1, P 213.

പാപക്ഷമ നൽകുന്ന കർത്താവായ യേശുക്രിസ്തുവിന്റെ വിശിഷ്ട പ്രഭയാൽ, യെഹൂദാ സമ്പദ്ഘടനയ്ക്ക് വൻ ഉണർവുണ്ടാകുന്നത് തന്റെ സഹോദരന്മാർ കാണണമെന്നുള്ളത് പൗലൊസിന്റെ വലിയ ആഗ്രഹമായിരുന്നു, യേശുക്രിസ്തു ഭൂമിയിൽ വന്നപ്പോൾ, മനുഷ്യർക്ക് പകരക്കാരനായി യാഗമായിത്തീർന്നു. ഇതും യെഹൂദന്മാർ മനസ്സിലാക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു.

കർത്താവായ യേശുക്രിസ്തു ക്രൂശിൽ പാപയാഗമായിത്തീർന്നതോടെ ആചാരാനുഷ്ഠാന ന്യായപ്രമാണത്തിന്റെ പ്രസക്തി നഷ്ടമായി. എന്നാൽ അത് സാന്മാർഗ്ഗിക ന്യായപ്രമാണത്തോട് കൂട്ടിയോജിപ്പിച്ചു. അപ്പോൾ അത് മഹത്വമുള്ള തായിത്തീർന്നു. അപ്പോൾ അതിന് ദൈവഭാവമുണ്ട്. അതിൽ വിശുദ്ധി നിഴലിക്കു ന്നുണ്ട് ദൈവത്തിന്റെ നീതിയും വിശുദ്ധിയും അതിൽ ഉൾക്കൊണ്ടിട്ടുണ്ട്. ദൈവ കല്പിതമായ പൗരോഹിത്യം ഇല്ലാതിരുന്നിട്ടുപോലും, ഇത്രമാത്രം മഹത്വകരമാ ണെങ്കിൽ, യാഥാർത്ഥ്യം എത്രമാത്രം മഹനീയമായിരിക്കും. വിശ്വസിക്കുന്ന ഏവർക്കും തന്റെ വിശുദ്ധീകരിക്കുന്ന, ജീവൻ നൽകുന്ന ആത്മാവിനെ വെളിപ്പെടു ത്തുകയും, നൽകുകയും ചെയ്യുമ്പോൾ അത് എത്രമാത്രം ശ്രേഷ്ഠകരമായിരിക്കും EGW, Commentary The SDA Bible Commentary, Vol 6, P 1095.

### ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. റോമ. 7:25. അപ്പൊസ്തലൻ ഇപ്രകാരം എഴുതുന്നു ''ബുദ്ധികൊണ്ട് ദൈവത്തിന്റെ പ്രമാണത്തെയും ജഡംകൊണ്ട് പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു.'' ഒരേ വ്യക്തി ദൈവത്തിന്റെ പ്രമാണത്തെയും, പാപത്തിന്റെ പ്രമാണത്തെയും ഒരേ സമയം സേവിക്കുന്നു എന്നാണ്. ഇതിൽനിന്നും നാം മനസ്സിലാക്കുന്നത്, അവൻ ഒരേ സമയം നീതികരിക്കപ്പെടുകയും അതേസമയം അവൻ പാപി ആയിരിക്കുകയും ചെയ്യുന്നു. കാരണം, ഞാൻ മനസ്സുകൊണ്ട് ദൈവ കല്പന അനുസരിക്കുന്നു എന്നും ജഡം കൊണ്ട് പാപത്തെ സേവി ക്കുന്നു എന്നും പറയുന്നില്ല. എന്നാൽ പറയുന്നതോ "ഞാൻ എന്നെത്തന്നെ" എന്നാണ്. എന്നുവെച്ചാൽ മുഴുവൻ മനുഷ്യൻ ഒരാൾ, അതേ ആൾ തന്നെ ഇരട്ട അടിമത്വത്തിൽ ആണ്. ഇക്കാരണത്താൽ ആയാൾ ദൈവത്തോട് നന്ദി യുള്ളവനാണ്. കാരണം ദൈവ കല്പന കാക്കുന്നു. ദൈവത്തിന്റെ കരുണയ് ക്കായി അവൻ യാചിക്കുന്നു. പാപത്തിന്റെ പ്രമാണം അനുസരിക്കുന്നു. ഭോഗാ സക്തിയ്ക്ക് (മാനസാന്തരപ്പെടാത്ത) അടിമയായ മനുഷ്യൻ ദൈവ കല്പന കാക്കുമെന്ന് ആർക്കും പറയാൻ സാദ്ധ്യമല്ല അപ്പൊസ്തലൻ ഇവിടെ അർത്ഥ മാക്കുന്നത്, നേരത്തെ സൂചിപ്പിച്ചതുപോലെ, വിശുദ്ധന്മാർ (വിശ്വാസികൾ) പാപികൾ ആണ്. എന്നാൽ നീതിമാന്മാരും ആണ്. കാരണം അവർ ക്രിസ്തു വിൽ വിശ്വസിക്കുന്നു. അവന്റെ നീതി അവരെ ചുറ്റിക്കൊള്ളുന്നു. അവരുടെമേൽ നിഴലിക്കുന്നു. എന്നാലും അവർ പാപികളാണ്. ന്യായപ്രമാണം നിറവേറ്റപ്പെടാ ത്തിടത്തോളം അവരിൽ പാപം ഉണ്ട്. ഒരു വൈദ്യനാൽ ചികിത്സിക്കപ്പെടുന്ന രോഗികളെപ്പോലെയാണവർ. അവർക്ക് രോഗം ഉണ്ട്. രോഗസൗഖ്യം ലഭിക്കു മെന്നവർ വിശ്വസിക്കുന്നു. രോഗം ഭേദമായിക്കൊണ്ടിരിക്കുന്നു. ആരോഗ്യം വീണ്ടെടുത്തു തുടങ്ങിയിരിക്കുന്നു. ഇങ്ങനെയുള്ള രോഗികൾ ആണ് ഏറ്റവും കൂടുതൽ ദുരന്തം അനുഭവിക്കുന്നത് വളരെ ഗർവ്വോടെ സൗഖ്യമായി എന്നവ കാശപ്പെടും. എന്നാൽ അതിദാരുണമായ പൂർവ്വസ്ഥിതിയിലേക്ക് മടങ്ങിപ്പോകും." Martin Luther, Commentary on Romans, PP 114,115. ഇവിടെ മാർട്ടിൻ ലൂഥറിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ശബ്ബത്തിൽ നിങ്ങളുടെ ഉത്തരം ക്ലാസിൽ ചർച്ച ചെയ്യുക.